

വിഴിഞ്ഞം: അനാവശ്യ സഹായം നൽകില്ലെന്ന് മന്ത്രി കടന്നപ്പള്ളി

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖ പദ്ധതികാലതാമസമുണ്ടാകാതെ പൂർത്തിയാക്കണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കരാറുകാരായ അദാനി ഗ്രൂപ്പ് സാവകാശം ചോദിച്ചാൽ നിയമസാദ്ധ്യത പരിശോധിച്ച് നടപടിയെടുക്കും. അനാവശ്യമായ ഒരു സഹായവും ആരും പ്രതീക്ഷിക്കേണ്ടെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

തുറമുഖ വികസനത്തിന് വേഗം കൂട്ടാൻ മാരിടൈം ബോർഡ് രൂപീകരിച്ചതും കപ്പൽ മാർഗമുള്ള ചരക്ക് ഗതാഗതത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ നടപടിയെടുത്തതും വകുപ്പിന്റെ നേട്ടങ്ങളാണ്. കണ്ണൂർ അഴീക്കൽ തുറമുഖ വികസനത്തിനായി മുഖ്യമന്ത്രി ചെയർമാനായും തുറമുഖ മന്ത്രി വൈസ് ചെയർമാനായും അഴീക്കൽ പോർട്ട് ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീകരിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന നടപടിയും കൊല്ലം തുറമുഖത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണവും പൂർത്തിയാവുകയാണ്.

www.keralakaumudi.com www.facebook.com/keralakaumudi

ഉദ്വേഗത്തിന്റെ രണ്ട് മണിക്കൂർ

എംപാനൽ കണ്ടക്ടറായിരുന്ന ബിനിയ ആത്മഹത്യാ ഭീഷണിയുമായി മരത്തിൽ

തിരുവനന്തപുരം: ജോലിയിൽ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റിന് മുന്നിലെ മരത്തിൽ കയറി ആത്മഹത്യാഭീഷണി മുഴക്കിയ കെ.എസ്.ആർ.ടി.സി എംപാനൽകണ്ടക്ടറായിരുന്നവനിതയെ ഉദ്വേഗഭരിതമായ നിമിഷങ്ങൾക്കൊടുവിൽ ഫയർ ഫോഴ്സ് അനുനയിപ്പിച്ച് താഴെ ഇറക്കി.

ആലപ്പുഴ സ്വദേശി ബിനിയയാണ് (40) രാവിലെ ഏഴേമുക്കാലോടെ മരത്തിൽ കയറി ആത്മഹത്യാഭീഷണി മുഴക്കിയത്. ഒൻപതിന് ഇവരെ താഴെ ഇറക്കിയ ശേഷം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബിനിയക്കെതിരെ കന്റോൺമെന്റ് പൊലീസ് ആത്മഹത്യാശ്രമത്തിന് കേസെടുത്തു.

ഹൈക്കോടതി വിധിയെ തുടർന്ന് ജോലിയിൽ നിന്ന് പിരിച്ചുവിട്ട എംപാനൽ കണ്ടക്ടർമാരുടെ കൂട്ടായ്മ സെക്രട്ടേറിയറ്റിന്മുന്നിൽ നടത്തിവന്ന അനിശ്ചിതകാല സമരത്തിൽ ബിനിയയും ഉണ്ടായിരുന്നു. തിങ്കളാഴ്ച നഗരസഭ സെക്രട്ടേറിയറ്റിന്മുന്നിലെ സമരപന്തലുകൾ പൊളിച്ചു കൂട്ടത്തിൽ എംപാനലുകാരുടെ പന്തലും പൊളിച്ചിരുന്നു. സമരം പൊളിക്കാനുള്ള നീക്കമാണ് ഇതെന്നാരോപിച്ച് സമരക്കാർ രാവിലെ പ്രതിഷേധിച്ചു.

സമരപന്തൽ പൊളിച്ച നീക്കിയതിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിന് മുന്നിലെ മരത്തിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കിയ ആലപ്പുഴ സ്വദേശിനിയായ എംപാനൽ സമരക്കാരി ബിനിയയെ ഫയർ ഫോഴ്സ് താഴെ ഇറക്കുന്നു (മരത്തിനു മുകളിൽ ഇരിക്കുന്ന ബിനിയ ഇൻസെറ്റിൽ)

തിന് പിന്നാലെയാണ് ബിനിയ മരത്തിൽ കയറിയത്. രണ്ട് കുട്ടികളുടെ അമ്മയും വിധവയുമായ ബിനിയയുടെ വരുമാനമായിരുന്നു കുടുംബത്തിന്റെ ആശ്രയം. വർഷങ്ങളായി എംപാനൽ കണ്ടക്ടറായിരുന്ന ബിനിയയെ പിരിച്ചുവിട്ടതോടെ കുടുംബം പട്ടിണിയിലാണ്.

മരത്തിൽ ഇരുപത് മീറ്ററോളം കയറിയ ഇവർ ഒരു കൊമ്പിൽ ഇരിപ്പായി. വിവരമറിഞ്ഞ് എത്തിയ കന്റോൺമെന്റ് പൊലീസ് താഴെയിറങ്ങാൻ അഭ്യർത്ഥിച്ചങ്കിലും ജോലി നൽകാതെ ഇറങ്ങില്ലെന്ന നിലപാടിലായിരുന്നു ഇവർ. ഇവർക്ക് പിന്തുണയുമായി ജീവനക്കാർമുദ്രാവാക്യം മുഴക്കി ചുറ്റും കൂട്ടുകയും വഴിയാത്രക്കാർ കാഴ്ചക്കാരാകുകയും ചെയ്തതോടെ സെക്രട്ടേറിയറ്റിന് മുന്നിൽ എം.ജി റോഡിൽ ഗതാഗതം തടസപ്പെട്ടു.

പൊലീസ് അറിയിച്ചതനുസരിച്ച് ഫയർഫോഴ്സ് സ്ഥലത്തെത്തി കയറുപയോഗിച്ച് ഇവരെ താഴെയിറക്കുകയായിരുന്നു. നിലത്തെത്തിച്ച ഇവരെ ഉടൻ പൊലീസ് ആംബുലൻസിൽ ജനറൽ ആശുപത്രിയിലെത്തിച്ചു. സെക്രട്ടേറിയറ്റിന്മുന്നിൽ എംപാനൽ കൂട്ടായ്മയുടെ പ്രതിഷേധം തുടരുകയാണ്.

സപ്ലൈകോ ഷോപ്പുകളും റേഷൻ കടകളും വൈവിദ്ധ്യവത്കരിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ സപ്ലൈകോ ഷോപ്പുകളും റേഷൻ കടകളും വൈവിദ്ധ്യവത്കരിക്കുമെന്ന് മന്ത്രി പി.തിലോത്തമൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സപ്ലൈകോ വഴി ഗൃഹോപകരണങ്ങൾ വില്പന നടത്തുന്ന പദ്ധതി 26ന് ആരംഭിക്കും. റേഷൻകടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന പദ്ധതിയും ഉടൻ ആരംഭിക്കും.

കൃഷിവെള്ളം കുറഞ്ഞ വിലയ്ക്കു വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥസമിതിതയാറാക്കിയ നിയമാവലി ഇപ്പോൾ നിയമവകുപ്പിന്റെ പരിഗണനയ്ക്കു വിട്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

ഇടുക്കി കർഷക ആത്മഹത്യ: സഹായം അടുത്ത മന്ത്രിസഭായോഗത്തിൽ

തിരുവനന്തപുരം: ഇടുക്കിയിലെ കർഷക ആത്മഹത്യകളുടെ പശ്ചാത്തലത്തിൽ കൃഷിക്കാരെ സഹായിക്കാനുള്ള നടപടികൾ അടുത്ത മന്ത്രിസഭായോഗത്തിൽ തീരുമാനിക്കും.

കർഷക ആത്മഹത്യകളെ പറ്റി ജില്ലാകളക്ടർ നൽകിയ റിപ്പോർട്ടുകൾ ഇന്നലെ മന്ത്രിസഭായോഗം ചർച്ച ചെയ്തു. ആത്മഹത്യ ചെയ്ത പലരും കാർഷികവായ്പകൾക്ക് പകരം മറ്റ് വായ്പകളാണ് എടുത്തിട്ടുള്ളത്. വായ്പകൾക്ക് ജപ്തിനോട്ടീസ് ലഭിക്കുന്നത് ആത്മഹത്യക്ക് കാരണമാകുന്നതിനാൽ ജപ്തിനടപടികൾ ഒരു വർഷത്തേക്ക് നിറുത്തിവയ്ക്കണം, കാർഷികവായ്പകൾക്കുള്ള ഒരു വർഷത്തെ മോറട്ടോറിയം ബാങ്കുകൾ പാലിക്കാത്തതിനാൽ അത് നടപ്പാക്കാൻ നടപടികളുണ്ടാവണം, ഇടുക്കിയിലെ പട്ടയമില്ലാത്ത കർഷകർ കൃഷിക്കായി എടുക്കുന്ന കാർഷികേതര ലോണുകൾക്കും ഒരു വർഷത്തെ മോറട്ടോറിയം ഏർപ്പെടുത്തുക, കാർഷിക ദുരിതാശ്വാസ കുടിശികയായ 54 കോടിയിൽ ഇടുക്കി ജില്ലയുടെ 13 കോടി അടിയന്തരമായി അനുവദിക്കുക, കർഷകരുടെ ആത്മവിശ്വാസം നിലനിറുത്താൻ എല്ലാ പഞ്ചായത്തിലും ഉജ്ജീവനം പദ്ധതി, എം.എസ്.എം.ഇ പദ്ധതി, പ്രധാൻമന്ത്രി കിസാൻ സമ്മാൻ പദ്ധതി, പ്രകൃതിക്ഷോഭദുരിതാശ്വാസ പദ്ധതികൾ, വിള ഇൻഷുറൻസ് പദ്ധതി, മറ്റ് കാർഷികവികസന പദ്ധതികൾ എന്നിവയ്ക്ക് പ്രചരണം നൽകി ബാങ്കുകളുമായി സംയുക്തയോഗങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് കളക്ടറുടെ നിർദ്ദേശങ്ങൾ.

കർഷകർക്കെതിരായ ജപ്തിനിറുത്താൻ കഴിഞ്ഞയാഴ്ച മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നു. ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമോ സാമ്പത്തിക സഹായമോ നൽകാൻ സാങ്കേതികതടസമുണ്ട്. ഈ സാഹചര്യത്തിലാണ് തുടർ സഹായം മന്ത്രിസഭ ചർച്ച ചെയ്യുന്നത്.

ഒമ്പത് ഓർഡിനൻസുകൾ പുനർവിജ്ഞാപനം ചെയ്യും

തിരുവനന്തപുരം: നിയമസഭാ സമ്മേളനം കഴിഞ്ഞ ആഴ്ച സമാപിച്ചസാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന ഒമ്പത് ഓർഡിനൻസുകൾ പുനർവിജ്ഞാപനം ചെയ്യാൻ ഗവർണറോട് ശുപാർശ ചെയ്യാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. കഴിഞ്ഞ സഭാസമ്മേളനത്തിൽ ബില്ലുകളായി പരിഗണിക്കാൻ സാധിക്കാത്തവയാണിത്. നിയമസഭാ സമ്മേളനം സമാപിക്കുന്നതോടെ ഓർഡിനൻസുകളുടെ നിയമപ്രാബല്യം ഇല്ലാതാകുന്ന സാഹചര്യത്തിലാണ് നടപടി.

സഹകരണ സ്ഥാപനങ്ങൾ സാമൂഹിക സുരക്ഷിതത്വത്തിന് വേണ്ടി പ്രവർത്തിക്കണം

തിരുവനന്തപുരം: സഹകരണ സ്ഥാപനങ്ങളും സർക്കാരും സാമൂഹിക നന്മ ലക്ഷ്യമിട്ട് പ്രവർത്തിക്കണമെന്ന് ബ്രസൽസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ കോ-ഓപറേറ്റീവ് അലൈൻസ് (ഐ.സി.എ) പ്രസിഡന്റ് ഏരിയൽ ഗ്വാർക്കോ അഭിപ്രായപ്പെട്ടു. ഡൽഹിയിലെ നാഷണൽ കോ-ഓപറേറ്റീവ് യൂണിയൻ ഒഫ് ഇന്ത്യയിൽ നടന്ന ആഗോള സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റിക്ക് (ULCCS) ഐ.സി.എ സ്ഥിരാംഗത്വം പ്രഖ്യാപിച്ചു. യു.എൽ.സി.സി.എസ് പ്രസിഡന്റ് രമേശൻ പാലേരി, ഐ.സി.എ പ്രസിഡന്റിൽനിന്ന് അംഗത്വം ഏറ്റുവാങ്ങി. യു.എൽ.സി.സി.എസ് ഈ അംഗത്വം ലഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സ്ഥാപനമാണ്. യു.എൽ.സി.സി.എസ് ഗ്രൂപ് സി.ഇ.ഒ രവീന്ദ്രൻ കസ്തൂരി, യു.എൽ എഡ്യൂക്കേഷൻ ഡയറക്ടർഡോ. ടി.പി. സേതുമാധവൻ, പ്രോജക്ട് കോഓർഡിനേറ്റർ കിഷോർകുമാർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ടൂറിസം ചെയർമാൻ അഭിജിത്ത് എം. ടി തുടങ്ങിയവർ സംസാരിച്ചു.

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം ഉടൻ തുടങ്ങും: മുഖ്യമന്ത്രി

തിരുവനന്തപുരം: അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് ഒരാഴ്ചയ്ക്കുള്ളിൽ തുടക്കംകുറിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഏതാനും വർഷങ്ങൾക്കുള്ളിൽ ലോകപ്രശസ്തസ്ഥാപനമാക്കി ഇത് മാറ്റും. ആയുർവേദരംഗത്ത് പരമ്പരാഗതഅറിവുകൾ സമാഹരിച്ച് സംരക്ഷിക്കാനും നഷ്ടമായ അറിവുകൾ തേടിപ്പിടിച്ചെടുക്കാനും കേന്ദ്രം മുൻകൈയെടുക്കും. ആയുർവേദത്തിൽ അധിഷ്ഠിതമായ കളരിമർമ്മം, വിഷചികിത്സ, പഞ്ചകർമ്മ ചികിത്സ തുടങ്ങിയവയ്ക്ക് പ്രത്യേക ഗവേഷണ ചികിത്സാമേഖല വികസിപ്പിക്കും.

ആയുഷ് അന്താരാഷ്ട്ര കോൺക്ലേവിന്റെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എല്ലാ ചികിത്സാ രീതികളെയും ഒരുകുടക്കീഴിൽ കൊണ്ടുവരികയാണ് സർക്കാർലക്ഷ്യം. കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളിൽ ഏറെയും പരമ്പരാഗത ചികിത്സ തേടിയെത്തുന്നവരാണ്. അതിനാൽ ഈ രംഗത്ത് നിലവാരം ഉറപ്പുവരുത്തി കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യം. പണം ഇല്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ നിഷേധിക്കാൻ പാടില്ല. സേവന മേഖലകളെ സ്വകാര്യവത്കരിക്കാൻ നീക്കം നടത്തുന്ന കാലത്താണ് കേരളം ആരോഗ്യ രംഗത്ത് ജനകീയ ബദൽ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. ആരോഗ്യ രംഗത്തെ പ്രവർത്തനത്തിന് അന്തർദ്ദേശീയ തലത്തിൽ അംഗീകാരം നേടിയ കേരളം രോഗീ സൗഹൃദ ആശുപത്രികൾക്കാണ് ഇപ്പോൾ മുൻഗണന നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ജിമ്മിജോർജ്ഇൻഡോർസ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ എൽ.എസ്.ജി ലീഡേഴ്സ് മീറ്റിൽ മികച്ച ആയുഷ് പദ്ധതി നടപ്പാക്കിയതിന് സമ്മാനാർഹരായവർക്ക് മുഖ്യമന്ത്രി പുരസ്കാരം നൽകി. മന്ത്രി കെ.കെ.ശൈലജ അദ്ധ്യക്ഷത വഹിച്ചു. മന്ത്രി വി.എസ്. സുനിൽകുമാർ ആശംസ നേർന്നു. എം.എൽ.എമാരായ ഒ. രാജഗോപാൽ, ഐ.ബി. സതീഷ് തുടങ്ങിയവർ പങ്കെടുത്തു. നാലുദിവസം നീണ്ടുനിന്ന കോൺക്ലേവിൽ വിദേശികളുൾപ്പടെ 2500 പ്രതിനിധികൾ പങ്കെടുത്തു. 25 സ്ഥാപനങ്ങളുടേതായി 186 പ്രദർശനങ്ങൾ നടന്നു.

ക്ഷീരകർഷക പാർലമെന്റ് ആലപ്പുഴയിൽ

തിരുവനന്തപുരം: ക്ഷീരവികസന വകുപ്പിന്റെയും ക്ഷീരസഹകരണ സംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 22, 23 തീയതികളിൽ സംസ്ഥാന ക്ഷീരകർഷക പാർലമെന്റ് സംഘടിപ്പിക്കുമെന്ന് മന്ത്രി കെ. രാജു വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 22ന് ആലപ്പുഴ വണ്ടാനം ഗവൺമെന്റ് ടി.ഡി മെഡിക്കൽ കോളേജ് ആഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ രാവിലെ 9ന് മന്ത്രി ജി. സുധാകരൻ പതാക ഉയർത്തും.

ഓഖൺ ഫോറം ഉച്ചയ്ക്ക് 2ന് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. മന്ത്രി കെ. രാജു അദ്ധ്യക്ഷത വഹിക്കും. 23ന് രാവിലെ 9.30ന് ക്ഷീരകർഷക പാർലമെന്റ് മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യും.

വൈകിട്ട് 3.30ന് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മികച്ച ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘത്തിനും പരമ്പരാഗത ക്ഷീരസഹകരണ സംഘത്തിനും ഡോ. വർഗീസ് കുര്യന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകളും, മികച്ച ക്ഷീരകർഷക പാർലമെന്റേറിയന്മാർക്കുള്ള അവാർഡ് ദാനവും മുഖ്യമന്ത്രി നിർവഹിക്കും. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള ധനസഹായവിതരണം മന്ത്രി തോമസ് ഐസക് നിർവഹിക്കും.

നാളെ വൈകിട്ട് 4ന് പുന്നപ്ര ഡെയറി പ്ലാന്റ് അങ്കണം മുതൽ വണ്ടാനം മെഡിക്കൽ കോളേജ് വരെ വിളംബര ജാഥ സംഘടിപ്പിക്കും. 22ന് രാവിലെ 9.30 ന് ഡെയറി എക്സിബിഷൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. സൗജന്യ മെഡിക്കൽ ക്യാമ്പ് 22ന് രാവിലെ 9.30ന് വണ്ടാനം മെഡിക്കൽ കോളേജ് പ്രിൻസിപൽ ഡോ. പുഷ്പലത എം. ഉദ്ഘാടനം ചെയ്യും. 22ന് വൈകിട്ട് 6ന് നടക്കുന്ന 'നാദവും താളവും' സാംസ്കാരിക സായാഹ്നം പല്ലന കുമാരനാശാൻ സ്മാരക സമിതി ചെയർമാൻ രാജീവ് ആലുങ്കൽ ഉദ്ഘാടനം ചെയ്യും.

വായ്പാ കുടിശികയ്ക്ക് ഭൂമി ലേലം ചെയ്ത ബാങ്ക് നടപടി ഹൈക്കോടതി റദ്ദാക്കി

കൊച്ചി : വായ്പാ കുടിശികയുടെ പേരിൽ ഇടപ്പള്ളി പത്തടിപ്പാലം സ്വദേശിനി പ്രീതാ ഷാജിയുടെ വീടും പറമ്പും ലേലംചെയ്ത എച്ച്.ഡി.എഫ്.സി ബാങ്കിന്റെ നടപടി ഹൈക്കോടതി റദ്ദാക്കി.

ഭൂമി ലേലം ചെയ്ത് കടം ഈടാക്കാനുള്ള ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണൽ വിധിയുടെ കാലാവധി കഴിഞ്ഞ് ലേലം നടത്തിയത് ചൂണ്ടിക്കാട്ടി പ്രീതയുടെ ഭർത്താവ് എം.വി. ഷാജി നൽകിയ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ വിധി.

2005 ജൂൺ പത്തിലെ വിധിയുടെ കാലാവധി മൂന്നു വർഷമാണെന്നിരിക്കെ 2014 ഫെബ്രുവരി 24 നായിരുന്നു ലേലം. വിധിയുടെ കാലാവധി കഴിയുന്ന 2009 മാർച്ച് 31 ലെകണക്കനുസരിച്ച് കുടിശിക എത്രയെന്ന് അറിയിക്കാൻ നേരത്തെ ഹൈക്കോടതി ബാങ്കിന് നിർദേശം നൽകിയിരുന്നു. 43.51 ലക്ഷം രൂപയെന്ന് ബാങ്ക് മറുപടിയും നൽകി. ഈ തുക മാർച്ച് 15 നകം ബാങ്കിലടച്ച് പ്രീതാ ഷാജിക്ക് ഭൂമി വിട്ടു നൽകാനാണ് വിധി.

ഇതിനു പുറമേ. ബാങ്കിൽ നിന്ന് ഭൂമി ലേലത്തിൽ വാങ്ങിയ എം.എൻ. രതീഷിന് ഹർജിക്കാരനായ ഷാജി 1.89 ലക്ഷം രൂപ നൽകണം. ഈ തുക നൽകിയില്ലെങ്കിൽ ബാങ്ക് നൽകണം.

ബാദ്ധ്യത ഹർജിക്കാരുടെ കുടിശികയിൽ ചേർക്കാം. ഭൂമി വാങ്ങാൻ രതീഷ് നൽകിയ പണം സേവിംഗ്സ് അക്കൗണ്ടിനു നൽകുന്ന പലിശയടക്കം ബാങ്ക് തിരികെ നൽകണമെന്നും വിധിയിൽ പറയുന്നു.

അതേസമയം, ഒരു മാസത്തിനകം ഹർജിക്കാരൻ പണമടച്ചില്ലെങ്കിൽ നേരത്തേയുള്ള ട്രിബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ പുതിയ റിക്കവറി സർട്ടിഫിക്കറ്റ് നേടി ലേലമുൾപ്പെടെയുള്ള തുടർ നടപടികൾ ബാങ്കിന് സ്വീകരിക്കാം.

ചിതയൊരുക്കിയ സമരം ഫലിച്ചു

പ്രീതയ്ക്കു മുന്നിൽ ആശ്വാസവഴി

▶ പി.ആർ. പ്രസന്ന

കൊച്ചി: പ്രീതയുടെ സമരം തുടങ്ങിയത്, ഇടപ്പള്ളി പത്തടിപ്പാലത്തെ വീടിനു മുന്നിലൊരുക്കിയ ഒരു ചിതയ്ക്കു മുന്നിൽ നിന്നാണ്. തനിക്കു വേണ്ടിത്തന്നെ പ്രീത തീർത്ത ചിത!

ആ കനലുകൾ സാക്ഷിയാക്കി പ്രീത ഒരു പ്രതിജ്ഞയെടുത്തു: മറ്റൊരാൾക്കു ജാമ്യം നിന്നതിന്റെ പേരിൽ കിടപ്പാടം ആർക്കും വിട്ടുകൊടുക്കില്ല. ഇരുപത്തിയഞ്ചു വർഷത്തെ നിയമയുദ്ധത്തിനുശേഷം ഇന്നലെനീതിദേവത കൺതുറന്നപ്പോൾ, പ്രീതയ്ക്കും ഷാജിക്കും മടക്കിക്കിട്ടിയത് ജീവിതം തന്നെ.

രണ്ടു ലക്ഷം രൂപയുടെ വായ്പ 25 വർഷംകൊണ്ട് 2.30 കോടി രൂപയുടെ ബാധ്യതയായി വളർന്ന വിചിത്രക്കണക്കിനു മുന്നിൽ പകച്ചുപോയ പ്രീതയ്ക്കും ഷാജിക്കും 45 ലക്ഷം രൂപ ഒരു മാസത്തിനകം ബാങ്കിനു നൽകി സ്വന്തം വീട് തിരിച്ചുപിടിക്കാം. പക്ഷേ, അത്രയും തുക? അതിനു വഴി തെളിഞ്ഞിട്ടുണ്ടെന്ന്. പ്രീത പറയുന്നു.

പ്രീതാ ഷാജി

1994 ലാണ് പ്രീതയുടെ ഭർത്താവ് ഷാജി അകന്നബന്ധുവായ സാജന് ആലുവ ലോർഡ് കൃഷ്ണാ ബാങ്കിൽ നിന്ന് വായ്പയെടുക്കാൻ ജാമ്യം നിന്നത്.

22.5 സെന്റ് കിടപ്പാടമായിരുന്നു ഈട്. ബന്ധുവിന്റെ തിരിച്ചടവ് മുടങ്ങിയതോടെ കുടിശിക പെരുകി. ഒരു ലക്ഷം രൂപ തിരിച്ചടയ്ക്കാൻ ഷാജി തയാറായെങ്കിലും, ലോർഡ് കൃഷ്ണാ ബാങ്കിനെ ഏറ്റെടുത്ത എച്ച്.ഡി.എഫ്.സി ബാങ്ക് അതു സ്വീകരിച്ചില്ല. ബാധ്യത 2.30 കോടി രൂപയായി വളർന്നെന്നായിരുന്നു വിശദീകരണം!

ഈടുവച്ച വസ്തുവിൽ നിന്ന് 2014 ൽ രണ്ടരക്കോടി രൂപ വിലവരുന്ന 18.5 സെന്റ്സ്ഥലം സർഫാസി നിയമം അനുസരിച്ച് ബാങ്ക് 38 ലക്ഷം രൂപയ്ക്ക് ഓൺലൈൻ ലേലത്തിൽ വിറ്റു.

ഇടപാടിൽ റിക്കവറി മാനേജർക്കും പങ്കുണ്ടെന്നാണ് ആക്ഷേപം. ഇക്കാലത്തിനിടെ പ്രീതയ്ക്കും ഷാജിക്കുമുണ്ടായ നഷ്ടങ്ങളും മാനസികസംഘർഷവും ചെറുതല്ല. 2016-ലെ ആദ്യ ജപ്തി നടപടിക്കിടെ ഷാജിയുടെ അമ്മകമലാക്ഷി സങ്കടഭാരം താങ്ങാനാകാതെ ഹൃദയംപൊട്ടി മരിച്ചു. രണ്ടു മക്കളുടെയും പഠനം സാമ്പത്തിക ബുദ്ധിമുട്ടുകാരണം മുടങ്ങി. പിന്നീട് മൂന്നാവട്ടം കുടിജപ്തിക്കുനീക്കമുണ്ടായെങ്കിലും പ്രീതയ്ക്കു ഗുണയായി സർഫാസി വിരുദ്ധ സമിതിയും നാട്ടുകാരും കൂടെനിന്നു.

രണ്ടുവർഷം മുമ്പ്, മറ്റെല്ലാ വഴികളും അടഞ്ഞപ്പോഴാണ് പ്രീത വീടിനു മുന്നിൽ ചിതയൊരുക്കിസമരം തുടങ്ങിയത് വാർത്തയായി; കേസ് ഹൈക്കോടതിയിലെത്തി. അതിന്റെ വിധിയാണ് ഇന്നലെ എത്തിയത്.

സർഫാസി നിയമം

വായ്പാ കുടിശിക ഈടാക്കുന്നതിനായി, ഈടു നൽകിയ വസ്തുവോ വീടോ ഉടമയുടെ സമ്മതം കൂടാതെ തന്നെ വിൽക്കാൻ ബാങ്കുകൾക്കും ഇതര ധനകാര്യസ്ഥാപനങ്ങൾക്കും അധികാരം നൽകുന്ന നിയമം. സെക്യൂരിറ്റൈസേഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റിസ് ഇന്ററസ്റ്റ് ആക്ട് എന്നതിന്റെ ചുരുക്ക രൂപമാണ് സർഫാസി. 2002-ലാണ് നിയമം നിലവിൽ വന്നത്. വായ്പാ തുക ഒരുലക്ഷം രൂപയിൽ കൂടുതലും, ബാധ്യതാ തുക മുതലിന്റെ 20 ശതമാനത്തിലധികവും ആണെങ്കിൽ നിയമം ബാധകം.

പൊങ്കാലയ്ക്ക് പ്രത്യേക യാത്രാ സൗകര്യമൊരുക്കി റെയിൽവേ

തിരുവനന്തപുരം: പൊങ്കാല ഭക്തർക്കായി സ്പെഷ്യൽ ട്രെയിനുകളും കൂടുതൽ സ്റ്റോപ്പുകളുമൊരുക്കി റെയിൽവേ. കൊല്ലത്തേക്കും നാഗർകോവിലിലേക്കും ഇന്ന് പ്രത്യേക ട്രെയിനുകളുണ്ട്.

കൊല്ലം ഭാഗത്തേക്ക് തിരുവനന്തപുരത്തുനിന്ന് ഉച്ചയ്ക്ക് 2, നം 3.30 നും വൈകിട്ട് 4.15നും സ്പെഷ്യൽ ട്രെയിനുണ്ട്. എല്ലാ സ്റ്റോപ്പിലും ഇത് നിറുത്തും. രണ്ടുമണിക്കൂർ കൊണ്ട് കൊല്ലത്തെത്തും. നാഗർകോവിൽ ഭാഗത്തേക്ക് ഉച്ചയ്ക്ക് 1.45ന് കൊച്ചുവേളി-നാഗർകോവിൽ പാസഞ്ചർ, വൈകിട്ട് 3ന് തിരുവനന്തപുരം-നാഗർകോവിൽ പാസഞ്ചർ, വൈകിട്ട് 4.30ന് കൊച്ചുവേളി-നാഗർകോവിൽ പൊങ്കാലസ്പെഷ്യൽ എന്നിവയുണ്ടാകും. ഇത് കൂടാതെ കൊല്ലത്തുനിന്ന് ഇടങ്ങുന്ന അനന്തപുരിയും മംഗലാപുരത്തുനിന്ന് നാഗർകോവിലിലേക്കുള്ള പരശുറാമും തിരുവനന്തപുരത്തിനും നാഗർകോവിലിനും ഇടയ്ക്കുള്ള എല്ലാ സ്റ്റേഷനുകളിലും ഇന്ന് നിറുത്തും. ഇതിന് പുറമേ ദീർഘദൂര ട്രെയിനുകളായ തിരുവനന്തപുരം - നിസാമുദ്ദീൻ എക്സ്പ്രസ് മുരുക്കുംപുഴ, ചിറയിൻകീഴ്, കടയ്ക്കാവൂർ, വർക്കല, പരവൂർ, ഗുരുവായൂർ - ചെന്നൈ എക്സ്പ്രസ് കരുനാഗപ്പള്ളി, അമൃത എക്സ്പ്രസ് പരവൂർ, കടയ്ക്കാവൂർ, ചിറയിൻകീഴ്, മുരുക്കുംപുഴ, പേട്ട, മധുര - പുനലൂർ പാസഞ്ചർ ധനുവച്ചപുരം, അമരവിള, ബാലരാമപുരം, നേമം, മുംബയ് ജയന്തി എക്സ്പ്രസ് ബാലരാമപുരം, നേമം, മാവേലി എക്സ്പ്രസ് കടയ്ക്കാവൂർ, ചിറയിൻകീഴ്, പേട്ട, ചെന്നൈ - തിരുവനന്തപുരം സൂപ്പർഫാസ്റ്റ് എക്സ്പ്രസ് പരവൂർ, കടയ്ക്കാവൂർ, ചിറയിൻകീഴ്, മുരുക്കുംപുഴ, പേട്ട, വഞ്ചിനാട് എക്സ്പ്രസ് പേട്ട, തിരുവനന്തപുരം - ചെന്നൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് ചിറയിൻകീഴ്, കടയ്ക്കാവൂർ, പരവൂർ, മയ്യനാട്, തിരുവനന്തപുരം - ഗുരുവായൂർ എക്സ്പ്രസ് ചിറയിൻകീഴ്, കടയ്ക്കാവൂർ, കന്യാകുമാരി - പുനലൂർ എക്സ്പ്രസ് കൊച്ചുവേളി, കഴക്കൂട്ടം, മുരുക്കുംപുഴ, ചിറയിൻകീഴ്, കടയ്ക്കാവൂർ, പരവൂർ, മയ്യനാട് എന്നിവിടങ്ങളിലും ഇന്ന് നിറുത്തും.

മൂല്യനിർണയവും ഫലപ്രഖ്യാപനവും കുറ്റമറ്റതാക്കാൻ കേരള

■ കേരള സർവകലാശാല